# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2182 10.10.2011 - ൽ മറുപടിക്ക്

### മേലാറന്നൂർ ഗവ:ക്വാർട്ടേഴ്സിലെ ജലവിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ നിലവിൽ എത്ര കൺസ്യൂമർമാർ ഉള്ളതായിട്ടാണ് വാട്ടർ അതോറിറ്റി കണക്കാക്കിയിരിക്കുന്നത്; | (എ) | നിലവിൽ 2 ബൾക്ക് വാട്ടർ കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. അവിടെ അതോറിറ്റിയുടെ കണക്ക് പ്രകാരം 585 കുടുംബങ്ങൾ (കൺസ്യൂമർമാർ) അധിവസിക്കുന്നുണ്ട്. |
| (ബി) | ഇവിടുത്തെ ഓരോ ക്വാർട്ടറുകളിലേക്കുള്ള വാട്ടർ കണക്ഷനും പ്രത്യേകമായി വാട്ടർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) | ഓരോ ക്വാർട്ടറുകളിലേക്കുമുള്ള വാട്ടർ കണക്ഷനും, പ്രത്യേകമായി വാട്ടർ മീറ്റർ ഘടിപ്പിക്കേണ്ട ചുമതല പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാണ്. |
| (സി) | നിലവിൽ ഇവിടുത്തെ ഒരു ഉപഭോക്താവിൽ നിന്നും വെള്ളക്കരമായി എത്ര രൂപയാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്; ഈ തുക നിശ്ചയിച്ചത് എന്തു മാനദണ്ഡത്തിലാണ്; | (സി) | നിലവിൽ ഒരു ഉപഭോക്താവിൽ നിന്നും 116 രൂപയാണ് വെള്ളക്കരമായി ഈടാക്കുന്നത്. ഇത് മീറ്റർ പ്രകാരം സമ്പിലേക്ക് എത്തുന്ന ആകെ ജലത്തിന്റെ അളവിനെ, ക്വാർട്ടറുകളുടെ എണ്ണം കൊണ്ട് ഹരിച്ചു കിട്ടുന്നത്, ഒരു ക്വാർട്ടറിന്റെ ഉപയോഗമായി കണക്കാക്കി, സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം വെള്ളക്കരം ഈടാക്കിവരുന്നു. |
| (ഡി) | ഒരു ദിവസം എത്ര സമയമാണ് നിലവിൽ ജലവിതരണം നടത്തി വരുന്നത്; ഇവിടത്തെ താമസക്കാർക്ക് രാവിലെയും വൈകുന്നേരവും 6മണി മുതൽ 6.30 വരെ മാത്രമാണ് ജലം ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന്റെ ഭൂഗർഭടാങ്കിലേക്ക് 24 മണിക്കൂറും ജലം നൽകുന്നുണ്ട്. പൊതുമരാമത്തു വകുപ്പാണ് നിശ്ചിത സമയങ്ങളിൽ വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തുന്നത്. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ആയത് പരിഹരിക്കുന്നതിനും ജലവിതരണം മുഴുവൻ സമയവും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | പരമാവധി ഒന്നര മണിക്കൂർ മാത്രം കുടി വെള്ളം നൽകി ഭീമമായ തുക വെള്ളക്കരമായി പിരിച്ചെടുക്കുന്ന നടപടി പുന:പരിശോധിക്കുമോ; | (എഫ്) | സമ്പിലേക്ക് നൽകുന്ന ജലത്തിന്റെ അളവനുസരിച്ച് ഓരോ ക്വാർട്ടറിലും, ഒരു മാസം ശരാശരി 25 കെ.എൽ ജലം ലഭിക്കുന്നുണ്ട്. ഇത് 6 അംഗങ്ങളുള്ള കുടുംബത്തിന് മതിയായത്ര വെള്ളമാണ്. പമ്പിംഗ് സമയം ക്രമീകരിക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്. |
| (ജി) | ക്വാർട്ടേഴ്സിലെ ഓരോ ഉപഭോക്താക്കൾക്കും മീറ്റർ നൽകി ഉപയോഗിക്കുന്ന വെള്ളത്തിനു മാത്രം കരം ഈടാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിന് ക്വാർട്ടേഴ്സ് നിവാസികളുടെയും ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട അധികാരികളുടെയും അടിയന്തിര യോഗം വിളിച്ചു ചേർക്കുന്നതിന് തയ്യാറാവുമോയെന്നറിയിക്കുമോ? | (ജി) | പൊതുടാങ്കിൽ നിന്നും, ഓരോ നിലയിലേക്കും, പൊതുവിതരണ ലെയിനിനും, അതിൽ നിന്നും ഓരോ ക്വാർട്ടറിലേക്കും, കണക്ഷനുകൾ നൽകിയിരിക്കുന്നു. ഈ സംവിധാനത്തിൽ ഓരോ യുണിറ്റിലേക്കും പ്രത്യേകം മീറ്റർ ഘടിപ്പിക്കുക പ്രായോഗികമല്ല. പ്രത്യേകം മീറ്റർ കൊടുക്കേണ്ടതുണ്ടെങ്കിൽ സമഗ്രമായ പുനർനിർമ്മാണം ആവശ്യമാണ്. അതിന് പൊതു മരാമത്ത് വകുപ്പിനെ സമീപിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ